# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 7

## വാർത്താക്കുറിപ്പ്

---

### എം.ജി.യിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഈ വർഷം മുതൽ പുതുക്കിയ സിലബസ്

- **90 പ്രോഗ്രാമുകളുടെ സിലബസ് പരിഷ്‌ക്കരിച്ചു**
- **പരിഷ്‌ക്കരണത്തിനായി സംഘടിപ്പിച്ചത് 48 ശില്പശാലകൾ**
- **പങ്കെടുത്തത് 1,650 അധ്യാപകർ**
- **അവസാനമായി സിലബസ് പരിഷ്‌കരിച്ചത് 2012ൽ**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര ബിരുദ കോഴ്‌സുകൾക്ക് ഈ അധ്യയന വർഷം മുതൽ പരിഷ്‌ക്കരിച്ച സിലബസ്. അഞ്ചുമാസം കൊണ്ട് 90 പി.ജി. പ്രോഗ്രാമുകളുടെ സിലബസാണ് സർവകലാശാല പരിഷ്‌ക്കരിച്ചത്. 2012 നുശേഷം ഇതാദ്യമായാണ് പി.ജി. കോഴ്‌സുകളുടെ സിലബസ് പരിഷ്‌കരണം നടക്കുന്നത്.

സിലബസ് പരിഷ്‌ക്കരണത്തിനായി സിൻഡിക്കേറ്റ് അംഗം വി.എസ്. പ്രവീൺകുമാർ കൺവീനറും സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. അജി സി. പണിക്കർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച സിലബസ് പരിഷ്‌ക്കരണ സിൻഡിക്കേറ്റ് ഉപസമിതിയാണ് നേതൃത്വം നൽകിയത്. ഇതിനായി 48 ശില്പശാലകൾ സംഘടിപ്പിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. കെ. ജയചന്ദ്രൻ, ഡോ. എം.എസ്. മുരളി, ഡോ. എസ്. സുജാത, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ.എം. കൃഷ്ണൻ, ഡോ. സന്തോഷ് പി. തമ്പി, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. റോയ് സാം ഡാനിയേൽ, ഡോ. ആർ. അനിത എന്നിവരാണ് ശില്പശാലകൾക്ക് നേതൃത്വം നൽകിയത്. 14 ബോർഡ് ഓഫ് സ്റ്റഡീസുകളുടെയും 34 വിദഗ്ധ സമിതികളുടെയും മേൽനോട്ടത്തിലാണ് പരിഷ്‌ക്കരണ നടപടികൾ നടന്നത്.

സർവ്വകലാശാലയിലും വിവിധ അഫിലിയേറ്റഡ് കോളേജുകളിലും മൂന്ന് ദിവസം മുതൽ അഞ്ചുദിവസം വരെ നീണ്ട ശില്പശാലകളാണ് സംഘടിപ്പിച്ചത്. ഡിസംബറിൽ ആരംഭിച്ച ശില്പശാലകൾ ഫെബ്രുവരിയിൽ അവസാനിച്ചു. 1,650 അധ്യാപകരും വിദഗ്ധരും ശില്പശാലകളിൽ പങ്കെടുത്തു. ശില്പശാലകളിൽ ഗവേഷകർ, പി.ജി. വിദ്യാർഥികൾ എന്നിവർക്കും പങ്കെടുക്കാൻ അവസരം നൽകി.

ശില്പശാലകളിലൂടെ തയ്യാറാക്കിയ പരിഷ്‌ക്കരിച്ച സിലബസിന്റെ കോഴ്‌സ് മാപ്പിംഗ് അടക്കമുള്ള പ്രവൃത്തികൾക്കായി അക്കാദമിക് വിഭാഗത്തിലെ ആറുപേരടങ്ങുന്ന പ്രത്യേക ക്യാമ്പ് രൂപീകരിച്ചിട്ടുണ്ട്.

എം.പി.എഡ്., എം.എസ്.ഡബ്ല്യു., എം.ബി.എ. പ്രോഗ്രാമുകൾ ഒഴിച്ചുള്ള പി.ജി. പ്രോഗ്രാമുകൾക്ക് പുതുക്കിയ സിലബസ് അനുസരിച്ച് 80 ക്രെഡിറ്റാണുള്ളത്. ഒരു സെമസ്റ്ററിൽ 16 മുതൽ 25 വരെ ക്രെഡിറ്റാണുള്ളത്. ഒരു കോഴ്‌സിന് രണ്ടു മുതൽ അഞ്ചുവരെ ക്രെഡിറ്റാണ് നൽകുന്നത്.

ഇന്റേണൽ-എക്സ്റ്റേണൽ അനുപാതം 1:3 ആണ്. ഡയറക്ട് ഗ്രേഡിങ് രീതിയാണ് മൂല്യനിർണയത്തിന് ഉപയോഗിക്കുക. നിലവിലുള്ള അഞ്ച് പോയിന്റ് സ്‌കെയിൽ ഗ്രേഡിങ് രീതിയിൽനിന്ന് ഏഴ് പോയിന്റ് സ്‌കെയിൽ ഗ്രേഡിങ് രീതിയിലേക്ക് മാറി. 1.99 വരെ ഡി ഗ്രേഡ്, 2.00-2.49 സി, 2.50-2.99 സി പ്ലസ്, 3.00-3.49 ബി, 3.50-3.99 ബി പ്ലസ്, 4.00-4.49 എ, 4.50-5.00 എ പ്ലസ്

ഗ്രേഡ് എന്ന നിലയിലേക്ക് ജി.പി.എ./എസ്.ജി.പി.എ./സി.ജി.പി.എ. ഗ്രേഡിങ് രീതി മാറി. കോഴ്സ് ജയിക്കുന്നതിന് സി ഗ്രേഡ് ലഭിക്കണം. 75 ശതമാനം ഹാജർ നിർബന്ധമാണ്. ഓരോ കോഴ്സിനും സവിശേഷ കോഡും അക്കത്തിലുള്ള കോഡ് നമ്പരുമുണ്ട്.

പ്രോഗ്രാമിന്റെ ഇലക്ടീവിലെ കോഴ്സുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് അനുവദിക്കുക. മൂന്നു കോഴ്സുള്ളതാണ് ഒരു ഇലക്ടീവ് ഗ്രൂപ്പ്. രണ്ടു മുതൽ നാലു വരെ ഗ്രൂപ്പുകളാണ് ഇലക്ടീവ് ഗ്രൂപ്പുകളായി വിവിധ പ്രോഗ്രാമുകൾക്ക് തയ്യാറാക്കിയിട്ടുള്ളത്. ഇവയിൽനിന്ന് കുട്ടികളുടെ പൊതുതാൽപര്യവും അക്കാദമിക സൗകര്യങ്ങളും പരിഗണിച്ച് കോളേജുകൾക്ക് ഇലക്ടീവ് ഗ്രൂപ്പ് തെരഞ്ഞെടുക്കാം. മൂന്ന്, നാല് സെമസ്റ്ററുകളിലായോ നാലാം സെമസ്റ്ററിൽ മാത്രമായോ ഇലക്ടീവ് ഗ്രൂപ്പിലെ കോഴ്സുകൾ ഉൾപ്പെടുത്താം.

വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റ് അംഗങ്ങൾ, വിവിധ ബോർഡ് ഓഫ് സ്റ്റഡീസിലെയും വിദഗ്ധ സമിതിയിലെയും ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അംഗങ്ങൾ, അദ്ധ്യാപകർ, രജിസ്ട്രാർ, ജീവനക്കാർ എന്നിവരുടെ കൂട്ടായ യത്നത്തിന്റെ ഫലമായാണ് വേഗത്തിൽ സിലബസ് പരിഷ്ക്കരിക്കാൻ സാധിച്ചതെന്ന് സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ വി.എസ്. പ്രവീൺകുമാർ പറഞ്ഞു.

(പി.ആർ.ഒ./39/819/2019)

## അപേക്ഷ തീയതി

ഏഴും എട്ടും സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കലിനും ഡിസർട്ടേഷനും പിഴയില്ലാതെ മെയ് 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/820/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/821/2019)

2019 ഏപ്രിലിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ബയോസയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/822/2019)

2018 ഓഗസ്റ്റിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ഓണേഴ്സ് - പഞ്ചവത്സരം - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/823/2019)

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി; വിവരങ്ങൾ സമർപ്പിക്കണം

മഹാത്മാ ഗാന്ധി സർവകലാശാല ജീവനക്കാർ, പെൻഷൻകാർ, ഫാമിലി പെൻഷൻകാർ എന്നിവർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (മെഡിസെപ്) വിവരങ്ങൾ സമർപ്പിക്കാത്തവർ മെയ് 16ന് മുമ്പായി അപേക്ഷ നൽകണം. 16നുശേഷം അപേക്ഷിക്കാൻ സാധിക്കില്ല. mgu.ac.in എന്ന വെബ്സൈറ്റിലെ employees spot/Pensioners Portal എന്നീ ലിങ്കുകൾ വഴി അപേക്ഷ സമർപ്പിക്കാം.

പദ്ധതിയിലെ അംഗത്വം നിർബന്ധമായതിനാൽ വിശദാംശങ്ങൾ ലഭ്യമാക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ ചികിത്സാ അലവൻസിൽ നിന്നും പ്രീമിയമായ 250 രൂപ പദ്ധതി ആരംഭിക്കുന്ന മാസം മുതൽ കുറവു വരുത്തും. അംഗത്വ അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഈ ആനുകൂല്യങ്ങൾ ലഭ്യമാവൂ. വിശദവിവരത്തിന് ഫോൺ: 0481-2733305, 9496158070

(പി.ആർ.ഒ./39/824/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ